# *അദ്ധ്യായം - 3*

സർദ്ദിസ് എന്ന പട്ടണം തയതൈയിൽ നിന്ന് മുപ്പതു മൈൽ തെക്കുകിഴക്കായി ഹെർമസ് നദീതടത്തിൽ സമുദ്രനിരപ്പിൽ നിന്ന് 1500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്നു കോരശ് രാജീവും, അലക്സാണ്ടർ, റോമാക്കർ തുടങ്ങി പലരും ഈ ദേശം ഭരിച്ചു മനോഹരമായ കാലാവസ്ഥയും സമ്പൽ സമുദ്ധിയും മുലം ഈ ദേശം എല്ലാവരുടെയും ശ്രദ്ധാകേന്ദ്രികരിച്ചിരിക്കുന്നു. A.D17 യിൽ ഒരു വലിയ ഭൂകമ്പത്തിൽ ഈ പട്ടണം തകർന്നു . സാർട്ട് എന്ന ഒരു ചെറിയ ഗ്രമമായി ഇത് അവശേഷിക്കുന്നു . അർത്തിമസ്സ് ദേവിയുടെ ക്ഷേത്രാവശിഷ്ടം ഇവിടെ കാണാം . അതിനടുത്തായി വിശുദ്ധയോഹന്നാന്റെ നാമത്തിലുള്ള ഒരി ദേവാലയത്തിന്റെ അവശിഷ്ടവും കണ്ടെടുത്തിട്ടുണ്ട് . അതിനാൽ ഇദ്ദേഹമാണ് ക്രിസ്തുമതം ഇവിടെ എത്തിച്ചതെന്ന് കരുതുന്നു .ദൈവിക ദൂതുനൽകുവാനായി തിരഞ്ഞെടുപ്പ് ലഭിച്ച അഞ്ചാമത്തെ സഭയാണ് സർദ്ദിസിലെ സഭ-ഈസഭക്കുള്ള ദൂത്നോക്കുക- വെളി (3:1-6)

1 ലേഖകന് ലഭിച്ച നിർദ്ദേശം - സർദ്ദീസിലെ സഭയുടെ ദൂതന് എഴുതുക .

2 നിർദ്ദേശം നൽകിയ ആൾ - നക്ഷത്രം , ദൈവത്തിന്റെ 7ആത്മാവുമുള്ളവൻ . (7നക്ഷത്രം - വെളി 1:20)

(7ആത്മാക്കൾ - പരിശുദ്ധാത്മാവ് ഒരേ ഒരു ആളത്വമെന്ന് എഫേ (4:5) ,കൊറി(12:4)ഇവിടെ കാണാം ഓരോ സഭയുടെയും നിലവാരമനുസരച്ചാണ് കർത്താവ് സഭയ്ക്ക് തന്നെ വെളിപ്പെടുത്തുന്നത് .

(3)പ്രശംസാർഹമായ ഒരു ഗുണവും എടുത്ത് പറയേണ്ടതായിട്ടില്ല .

(4)ഈ സഭയുടെ കുറവുകൾ (വെളി(3:1,3)പ്രവർത്തിയുണ്ട്-പക്ഷെ മരിച്ചവനാണ് . ജീവനുണ്ടെങ്കിലേ പ്രവർത്തി ചെയ്യുവാൻ കഴിയൂ.പിന്നെ കർത്താവ് മരിച്ച സഭ എന്ന് പറയുവാൻ എന്താണ് കാരണം.മരിച്ചവൻ- ഉറക്കത്തിൽ വസിക്കുന്നു.

അന്വേഷണ തൃഷ്ണ ഇല്ലാത്ത അലസൻമാർ,ക്രിസ്ത്യാനി എന്ന ലേബൽ ഉള്ളവരും ഈ കൂട്ടരാണ്. ഊർജ്ജസ്വലതയില്ലാത്ത,അന്വേഷണ തൃഷ്ണയില്ലാത്ത അലസൻമാരാണിവർ.

ഉദാഹരണം. - ഇളയമകൻ - ലൂക്കോ 15:24

(5) ഈ കുറവ് എങ്ങനെ പരിഹരിക്കാം

( റോമ) ഉണർന്നുകൊള്ളുക, ഉറക്കത്തിൽ നിന്നുണരുക

റോമ (3:11)എഫേ (5:14)

(വ) എവിടെ നിന്നുയരണം - മരിച്ചവരുടെ ഇടയിൽ നിന്ന് എഫേ (5:14)

ആത്മീയ കാര്യങ്ങളിലുള്ള ഉപേക്ഷയാൽ മയങ്ങിക്കിടക്കുന്നവരോടാണ് കർത്താവ് ഉണരുവാൻ പറയുന്നത്.ഉണർന്നവർ ആരൊക്കെയോ സഭയിലുള്ളതിനാലാകാം കർത്താവ് ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കുവാൻ പറയുന്നത്

നാം എന്തിനാണ് ഉണർന്നിരിക്കേണ്ടത്.

1. വിശ്വാസത്തിൽ നിലനില്ക്കേണ്ടതിന് (1 കൊരി 16:13)
2. പിശാചിനെതിരെ (1 പത്രോ :5:8)
3. പരീക്ഷയിലകപ്പെടാതിരിക്കാൻ (മത്താ : 26:41)
4. ദുരുപദേശത്തിനെതിരെ (അ:വറഷ 20:29-31)

ഉറങ്ങുന്നവരുടെ പ്രവർത്തി പൂർണ്ണതയുള്ളതല്ല. കാരണം കർത്താവ് പ്രവർത്തിയുടെ ഉദ്ദേ

ശശുദ്ധിയാണ് നോക്കുന്നത് .മനുഷ്യരെ പ്രീതിപ്പെടുത്തുന്ന പ്രവർത്തികളിൽ കർത്താവ് പ്രസാദിക്കുന്നില്ല. മാനസാന്തരത്തിനുള്ള രണ്ട് പടികൾ വെളി. (3:3)ൽ പറയുന്നു. (1) ഓർക്കുക - സുവിശേഷം ആദ്യം കേട്ടപ്പോൾ നല്ല ഉന്മേഷവും ഉണർവ്വും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അത് നഷ്ടമായി .ഓർക്കേണ്ടത് ഒരിക്കലും മറന്നുകളയരുത് .അതായത് ക്രിസ്തുവിന്റെ ക്രൂശിന്റെ ഓർമ്മ നമ്മുടെ ഹൃദയത്തിൽ നിന്ന് മാറരുത് .

2. കാക്കുക- കേട്ടത് ഓർമ്മയിൽ നിലനിർത്തുകയും അവയെ കാത്തുസൂക്ഷിക്കുകയും വേണം

(6) ഉണരാതിരുന്നാൽ അഥവാ കുറവ് പരിഹരിച്ചില്ലെങ്കിൽ എന്തു സംഭവിക്കും ? മനുഷ്യപുത്രൻ വരുകയും ന്യായവിധി ഉണ്ടാകുകയും ചെയ്യും .

(7) കർത്താവ് വിജയികൾക്കു നൽകുന്ന പ്രതിഫലങ്ങൾ - വെളി (3:5)

വെള്ള വസ്ത്രധാരികളായി അവനോടൊപ്പം നടക്കുവാൻ ശ്രദ്ധിക്കുക.ജീവപുസ്തകത്തിൽ പേരുള്ളവരായിത്തീർന്നാൽ പിതാവിന്റെ സന്നിധിയിലും , ദൂതൻമാരുടെ മുമ്പിലും അവൻ നമ്മുടെ പേർ പറയും . ആ ഭാഗ്യാവസ്ഥയുള്ളവരാകുവാൻ ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേൽക്കാൻ ദൈവം ഇടയാക്കട്ടെ.

**ഫിലദെൽഫായ പട്ടണം**

സർദ്ദിസ്സിൽ നിന്ന് ഏകദേശം 30 മൈൽ അകലെ സ്ഥിതി ചെയ്യുന്ന പട്ടണമാണ് ഫിലദെൽഫ്യ.ഇവിടെ കൂടെക്കൂടെ അഗ്നിപർവ്വതം പൊട്ടി ലാവയും , ചാരവും പുറപ്പെട്ടിരുന്നു.ഇത് കൃഷിക്ക് നല്ലതെങ്കിലും ജനജീവിതം ദുസ്സഹമാക്കിയിരുന്നു. ഇവിടുത്തെ പ്രധാനകൃഷി മുന്തിരിയാണ്.ഈ പട്ടണത്തിന്റെ ഇന്നത്തെ പേര് അലാഹ്-ഷഹർ എന്നാണ്.

ഫിലദെൽഫ്യയ സഭയ്ക്കുള്ള ദൂത് (വെളി.3 7-13)

1. നിർദ്ദേശം - തന്റെ തിരഞ്ഞെടുപ്പിലെ ആറാമത്തെ സഭയ്ക്ക് ദൂതെഴുതുവാൻ നിർദ്ദേശിക്കുന്നു

2. ദൂത് എഴുതുവാൻ നിർദ്ദേശിക്കുന്ന ആളിന്റെ പ്രത്യേകത- വെളി:(3:7) മൂന്ന് പ്രധാന സ്ഥാനപേരുകൾ.

ദാവീദിന്റെ താക്കോലുള്ളവൻ -യേശു ക്രിസ്തു

പ്രത്യേകത- വെളി-(3:8)

യെശ:(22:22)

അവൻ തുറക്കുന്ന വാതിലുകൾ

(ാ) അവസരത്തിന്റെ വാതിൽ

(വ) മനുഷ്യ ഹൃദയമാകുന്ന വാതിൽ

(മ) വെളിപാടിന്റെ വാതിൽ

(് ) സുവിശേഷ ഘോഷണത്തിനായി തുറക്കപ്പെടുന്ന വാതിൽ

(ാ) വിശ്വാസത്തിന്റെ വാതിൽ

(3) പ്രശംസാർഹമായ കാര്യങ്ങൾ - വെളി (3:810)

(ആരാണ് യഹൂദൻ- റോമ (2:28,29) ഗലാ (6:15)

(4) കർത്താവിന്റെ മുന്നറിയിപ്പ് - വെളി (3:11)

(ാ) ഞാൻ വേഗം വരുന്നു -എന്നത് അസൻമാർക്കുള്ള മുന്നറിയിപ്പാണ് .

നോക്കുക -മത്താ (24:48-51)

(വ) നിന്റെ കിരീടം സൂക്ഷിക്കണം

കിരീടം ആരും മോഷ്ടിക്കുമെന്നല്ല ഇതിനർത്ഥം.ഒരുവൻ യോഗ്യനല്ലെങ്കിൽ യോഗ്യത നഷ്ടമാക്കിയവന്റെ കയ്യിൽ നിന്ന് അതെടുത്ത് യോഗ്യതയുള്ളവനു നല്കുന്നു.

അതായത് നിന്റെ യോഗ്യത നഷ്ടമാകാതെ സൂക്ഷിക്കണം

ഉദാ: ഏശാവിന്റെ സ്ഥാനം - യാക്കോബിനു ലഭിച്ചു.

ശൗലിന്റെ സ്ഥാനം - ദാവീദിന്

യഹൂദന്റെ സ്ഥാനം- ജാതികൾക്ക്

(5) കർത്താവ് നൽകുന്ന പ്രതിഫലങ്ങൾ - വെളി: (3 :12)

പ്രീയ സഹോദരങ്ങളേ ! ജയാളിക്ക് യജമാനൻ നിത്യതയിൽ നൽകുന്ന പ്രധാന സ്ഥാനത്തിന് ഒരു മാറ്റവും ഉണ്ടാകുന്നില്ല . ലോകത്തിലെ സ്ഥാനമാനങ്ങൾ ഒരു കാലാവധിവരേയുള്ളു.അതിനായി സമയംപാഴാക്കാതെ നിത്യതയിലെ പ്രധാന സ്ഥാനത്തിനായി തിടുക്കത്തോടെ ഒരുങ്ങുക.

## ലവൊദിക്ക്യപട്ടണം

സമുദ്രനിരപ്പിൽ നിന്ന് 1500 അടി ഉയരത്തിൽ ഈ പട്ടണം സ്ഥിതി ചെയ്യുന്നു സിറിയൻ ചക്രവർത്തിയായ അന്തിയോക്കസ് തന്റെ ഭാര്യ ലവൊദിസിന്റെ പേരിൽ പണിത പട്ടണമാണിത്. ഇതൊരു സമ്പന്ന പട്ടണമാകയാൽ ഭൂകമ്പത്തിൽ തകർന്നിട്ടും ഇവിടുത്തെ പൗരന്മാർ തങ്ങളുടെ സ്വന്ത ധനം കൊണ്ട് വീണ്ടും ഈ പട്ടണം പണിതുയർത്തി ഈളിത്തരങ്ങൾക്കും ഔഷധനിർമ്മാണത്തിനും മുൻപന്തിയിലായിരുന്നു ഈ പട്ടണക്കാർ പ്രശസ്തരും പ്രഗത്ഭരുമായ ഭിഷഗ്വരന്മാരുടെ പേരുകൾ അവരുടെ നാണയങ്ങളിൽ മുദ്രത്തം ചെയ്തിട്ടുണ്ട് സഭാനാഥന്റെ തിരഞ്ഞെടുപ്പിലെ ഏഴാമത്തെ സഭയാണ് ഇവിടെയുള്ളത്

ലവൊദിക്യ സഭയ്ക്കുള്ള ദൂത് - വെളി(3:14-22)

1. നിർദ്ദേശം - ലവൊദിക്യസഭയുടെ ദൂതന് എഴുതുക

2. നിർദ്ദേശം നൽകിയ ആളിന്റെ പ്രത്യേകത - വെളി (3:14)

(യഥാർത്ഥ സാക്ഷിയുടെ യോഗ്യതകൾ)

ദൃക്സാക്ഷിയാകണം വിശ്വസ്തനാകണം

കണ്ടത് സത്യമായി പറയുവാനുള്ള ധൈര്യം)

3. പ്രശംസാഹകമായ കാര്യങ്ങൾ - ഒന്നും പറയുവാനില്ല

4. കുറവുകൾ- വെളി 3:15-20

(ശീതോഷ്ണവസ്ഥ - ആത്മീയകാര്യങ്ങളിൽ അല്പമതാല്പംരും കാണിക്കുന്നു നാമധേയ ക്രിസ്ത്യാനികൾ

ഉഷ്ണവാൻ - ആത്മീയ തീഷ്ണതയുള്ളവൻ

5 ജയാളിയുടെ പ്രതിഫലം - വെളി (3:21)

ആകയാൽ ഏല്പിച്ചത് വിശ്വസ്തയോടെ നിവർത്തിച്ച് പ്രതിഫലം പ്രാപിപ്പാൻ സഭാനാഥൻ നമ്മെ സഹായിക്കട്ടെ.